# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 4614/11/12/2023/ TVM**

പരാതികക്ഷി : അനിൽ കുമാർ പണ്ടാല,വാരിയം ഗാർഡൻസ് ശ്രീ കൃഷ്ണാലെയിൻ,കവടിയാർ തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 09.05.2024**

പരാതികക്ഷി മുതിർന്ന പൗരനും തിരുവനന്തപുരം നഗരത്തിൽ ഇരു ചക്രവാഹനവും കാറും സ്ഥിരമായി ഉപയോഗിച്ച് സഞ്ചരിക്കുന്ന വ്യക്തിയുമാണെന്നും, എന്നാൽ നഗരത്തിൽ സ്ഥിരമായി ഉണ്ടാകാറുള്ള ജാഥകളും, ഘോഷയാത്രകളും കാരണം ഗതാഗത സ്തംഭനം പതിവാണെന്നും, പലപ്പോഴും പരാതിക്കാരന് ബുക്ക് ചെയ്ത ട്രെയിൻ കിട്ടാതായിട്ടുണ്ടെന്നും, 23.06.2023 തീയതി അന്തർദേശീയ ഒളിമ്പിക് ദിനത്തിൽ കൂട്ടയോട്ടത്തോടനുബന്ധിച്ച് കവടിയാർ – വെള്ളയമ്പലം റോഡിൽ വാഹന ഗതാഗതത്തിന് തടസ്സമുണ്ടായതായും, ഈ കൂട്ടയോട്ടത്തെ സംബന്ധിച്ചുള്ള മുന്നറിയിപ്പുകൾ ആർക്കും ലഭിച്ചിട്ടില്ലായെന്നും, മുന്നറിയിപ്പുകളില്ലാതെ റോഡുകൾ ബ്ലോക്ക് ചെയ്യുന്നത് അവസാനിപ്പിക്കണമെന്നും, പ്രധാന റോഡുകളിൽ ജാഥയോ മറ്റ് പരിപാടികളോ നടത്തുന്നത് വിലക്കണമെന്നും മറ്റും കാണിച്ചാണ് ഈ പരാതി.

പരാതി വിഷയത്തിൽ തിരുവനന്തപുരം ട്രാഫിക് നോർത്ത് അസിസ്റ്റൻറ് കമ്മീഷണർ ഒരു റിപ്പോർട്ട് സമർപ്പിച്ചു. രാഷ്ട്രീയ സംഘടനകൾ, വ്യക്തികൾ, മറ്റു സംഘടനകൾ നടത്തുന്ന പരിപാടികളുമായി ബന്ധപ്പെട്ട് ഗതാഗത ക്രമീകരണങ്ങളെ സംബന്ധിച്ച് മുൻകൂട്ടി പത്രം/ സാമൂഹ്യ മാധ്യമങ്ങളിൽ കൂടി പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകി വരുന്നതും, ടി പത്രക്കുറിപ്പുകളിൽ എയർപോർട്ട് തുടങ്ങിയ സ്ഥലങ്ങളിൽ ഗതാഗത തടസ്സമുണ്ടാകാതിരിക്കാൻ സാധ്യതയുള്ള വിവരം സൂചിപ്പിക്കാറുള്ളതും, മുൻകൂട്ടി യാത്രകൾ ക്രമീകരിക്കുന്നതിനായി അറിയിപ്പ് നൽകിവരുന്നതും, ഗതാഗത തടസ്സമുണ്ടാകുന്ന പക്ഷം ബദൽ മാർഗങ്ങളെകുറിച്ച് ആരായുന്നതിനും നിർദ്ദേശം ലഭിക്കുന്നതിനുമായി ട്രാഫിക് എൻഫോഴ്സ്മെൻറ് യൂണിറ്റിലെ പോലീസ് ഉദ്യോഗസ്ഥരുടെയും കൺട്രോൾ റൂമിൻെറയും ഫോൺ നമ്പരുകൾ നൽകിവരുന്നതും, വാഹന ഗതാഗതം വഴി തിരിച്ചു വിടുന്നതിനുള്ള

ക്രമീകരണങ്ങൾ ചെയ്തുവരുന്നതായും, വാഹന ഗതാഗതം വഴിതിരിച്ചുവിടുന്ന സന്ദർഭങ്ങളിൽ മതിയായ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചും സൂചനാ ബോർഡുകൾ സ്ഥാപിച്ചും ഗതാഗതക്രമീകരണങ്ങൾ നടത്തിവരുന്നതായി റിപ്പോർട്ടിൽ കാണുന്നു.

പരാതികക്ഷി പരാതിയിൽ ആവശ്യപ്പെടുന്ന പ്രകാരം കാൽനട/വാഹന യാത്രക്കാരുടെ സുഗമമായ യാത്രയ്ക്കായി ആവശ്യമായ നിയമാനുസരണമായ നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നതായും ആയത് കർശനമായി പാലിക്കുന്നതിനായി ട്രാഫിക് എൻഫോഴ്സ്മെൻറ് യൂണിറ്റിലെ ഇൻസ്പെക്ടർമാർക്കും, സെക്ടർ എൻഫോഴ്സ്മെൻറ് പോയിൻറ് ഡ്യൂട്ടി ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണെന്നും റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്.

റിപ്പോർട്ടിൽ പരാതികക്ഷി ആക്ഷേപം സമർപ്പിച്ചു. പരാതിയും റിപ്പോർട്ടും ആക്ഷേപവും കമ്മീഷൻ വിശദമായി പരിശോധിച്ചു. സാധാരണ ജനങ്ങൾ നിത്യേന അനുഭവിക്കുന്ന ഒരു പ്രശ്നമാണ് പരാതിക്കാരൻ ഉന്നയിച്ചിട്ടുള്ളതെന്ന് കമ്മീഷൻ മനസ്സിലാക്കുന്നു. വിവിധ സംഘടനങ്ങൾ പ്രധാന റോഡുകൾ കൈയ്യടക്കി നടത്തുന്ന ജാഥകളും ആഘോഷ പരിപാടികളും വാഹന യാത്രക്കാരെ വല്ലാതെ വലയ്ക്കുന്നുണ്ട്. മണിക്കൂറുകളോളം റോഡിൽ കാത്ത് നിൽക്കുന്ന അവസ്ഥയിൽ വാഹന യാത്രക്കാർ എത്താറുമുണ്ട്. നഗരത്തിലെ അതിപ്രധാന റോഡുകളിൽ ഇതു പോലെയുള്ള ആഘോഷ പരിപാടികളും ജാഥകളും നടത്തുന്നത് നിയന്ത്രിക്കേണ്ടതുണ്ടെന്ന് കമ്മീഷൻ കരുതുന്നു. ആയതിനാൽ വാഹനങ്ങൾക്കും കാൽനട യാത്രക്കാർക്കും ബുദ്ധിമുട്ടില്ലാതെ ഗതാഗതക്രമീകരണങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഇതു സംബന്ധിച്ച് പരാതിക്കാരൻ സമർപ്പിച്ച നിർദ്ദേശങ്ങൾ അടങ്ങിയ കുറിപ്പ് ഈ ഉത്തരവിനോടൊപ്പം സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
**കെ. ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ